I ഇ.ബി. XV - കേരള നിയമസഭ/VI-6

# പതിനഞ്ചാം കേരള നിയമസഭ

ആറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ആഗസ്റ്റ് 31, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I. തിരുത്തിയ ഉത്തരം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1660-ന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 05-07-2022-ലെ 1660-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

### II. റൂളിംഗ്

പത്ര-ദൃശ്യ മാധ്യമങ്ങളിൽ വന്ന തെറ്റിദ്ധാരണാജനകമായ പരാമർശം

മി. സ്പീക്കർ: 15-ാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിൽ

2020 ഫെബ്രുവരി 22-ന് നക്ഷത്രചിഹ്നമിട്ട 20-ാം നമ്പർ ചോദ്യത്തിന്റെ വിവിധ പിരിവുകൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ഒരേ ഉത്തരം നൽകിയെന്ന് കാണിച്ച് ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ. കത്ത് നൽകുകയും ഈ വിഷയം സംബന്ധിച്ച് മന്ത്രിയുടെ പ്രതികരണം ആരായുകയും ഗവൺമെന്റിൽനിന്നും ലഭ്യമായ മറുപടിയാണ് സഭയിൽ നൽകിയതെന്നും ചോദ്യങ്ങൾ പരസ്പരം ബന്ധപ്പെട്ട് വരുന്നതിനാലാണ് സംയോജിത മറുപടി നൽകിയതെന്നും ചോദ്യങ്ങൾക്ക് മനഃപൂർവ്വം ഒഴിഞ്ഞുമാറുന്ന സമീപനം സ്വീകരിച്ചിട്ടില്ലെന്നും മന്ത്രി അറിയിക്കുകയും ഭാവിയിൽ ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് മന്ത്രിയെ അറിയിക്കുകയും ചെയ്തിരുന്നു. ഒരു ചോദ്യത്തിന്റെ വ്യത്യസ്ത പിരിവുകൾക്കുള്ള മറുപടി സമാനമാണെങ്കിൽ ഒറ്റമറുപടിയായി നൽകാൻ സോഫ്റ്റ്‌വെയറിൽ ചില സാങ്കേതിക തടസ്സങ്ങൾ ഉള്ളതായി കണ്ടെത്തുകയും അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ സ്പീക്കർക്ക് ലഭിക്കുന്ന പരാതികളിൽ സ്വീകരിക്കുന്ന പൊതുനടപടിക്രമം എന്നതല്ലാതെ ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയെ സ്പീക്കർ താക്കീത് ചെയ്തുവെന്ന രീതിയിൽ പ്രചരിക്കുന്ന വാർത്തകൾ വസ്തുതാവിരുദ്ധമാണ്.

## III. അടിയന്തരപ്രമേയം

യുവജനങ്ങളിലും വിദ്യാർത്ഥികളിലും വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം

മി. സ്പീക്കർ: ലഹരിവസ്തുക്കളുടെ ഉപയോഗം യുവാക്കളിലും വിദ്യാർത്ഥികളിലും വർദ്ധിച്ചുവരുന്നതുമൂലം സമൂഹത്തിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, എൻ. ഷംസുദ്ദീൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ലഹരി ഉപയോഗവും വ്യാപാരവും സമൂഹത്തിന് ഭീഷണിയായി മാറിയെന്നുള്ളത് വസ്തുതയാണ്. ലഹരി ഉപയോഗത്തിൽ വർദ്ധനവും പുതിയ രീതികളും ഉണ്ടാകുന്നത് രാജ്യത്ത് മാത്രം ഒതുങ്ങുന്ന വിഷയമല്ല. സർക്കാർ സംവിധാനങ്ങളുടെ ഏകോപിതമായ പരിശ്രമത്തിന്റെ ഫലമായി ലഹരിക്കടത്ത്, വില്പന എന്നിവ പിടിക്കപ്പെടുന്നതിന്റെ അളവും ശിക്ഷിക്കപ്പെടുന്നവരുടെ എണ്ണവും വർദ്ധിച്ചിട്ടുണ്ട്. സർക്കാർ സംവിധാനങ്ങളുടെയും വിവിധ ജന-സംഘടനാ വിഭാഗങ്ങളുടെയും ഏകോപിത സമീപനം ആവശ്യമാണ്. സർക്കാർ ഇക്കാര്യത്തിൽ ഫലപ്രദമായ നടപടി സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> കേരളം മയക്കുമരുന്ന് ബാധിത സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുകയാണ്. ലഹരി ഉപയോഗത്തിലൂടെ വ്യക്തികളുടെ വിവേചനബുദ്ധിയും യുക്തിബോധവും ആത്മനിയന്ത്രണവും നഷ്ടപ്പെട്ടാൽ ആ സമൂഹത്തിന്റെ പോക്ക് നാശത്തിലേയ്ക്കാകും. യുവാക്കളും യുവതികളും വിദ്യാർത്ഥികളും കണ്ണികളായി ആഗോളതലത്തിലാണ് ഇന്ന് ലഹരിവ്യാപാരം നടക്കുന്നത്. സ്കൂൾ വിദ്യാർത്ഥികൾ ലഹരിക്ക് അടിമപ്പെട്ട് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതും വിമുക്തി കേന്ദ്രങ്ങളിൽ ചികിത്സയ്ക്ക് എത്തുന്നതും പതിവാണ്. ലഹരി വ്യാപാരവുമായി ബന്ധപ്പെട്ട് ഓരോ വർഷവും രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ഈ വിപത്തിനെ നേരിടുന്നതിന് ബഹുതലങ്ങളിലുള്ള ഇടപെടൽ ആവശ്യമാണ്. ലഹരി വ്യാപാരത്തിലെ അന്തർസംസ്ഥാന രാജ്യാന്തര കണ്ണികളെ കണ്ടെത്താനും ഡാർക്ക് വെബ് പോലുള്ള സാങ്കേതികവിദ്യ നൽകുന്ന സാധ്യതകളെ ദുരുപയോഗം ചെയ്യുന്നത് ഒഴിവാക്കാനും നടപടി സ്വീകരിക്കണം. കുട്ടികളുടെ മാനസികാരോഗ്യം പരിഗണിക്കാനും കാര്യങ്ങൾ തുറന്ന് പങ്കുവയ്ക്കാനുള്ള സ്വാതന്ത്ര്യം നൽകാനും സാധിക്കണം. സ്കൂൾ പരിസരത്ത് മയക്കുമരുന്ന് വിൽപ്പന നടത്തുന്നവർക്കെതിരെ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം കേസ്സെടുക്കുന്നതിന് നിർദ്ദേശം

നൽകണം. നിരന്തരമായി ഒരേ കുറ്റകൃത്യങ്ങളിലേർപ്പെടുന്നവർക്കെതിരെ കാപ്പ നിയമം ചുമത്തുകയും ജുവനൈൽ ജസ്റ്റിസ് ആക്ടുപ്രകാരം കേസ്സെടുക്കുന്നതിന് എക്സൈസ് വകുപ്പിന് അധികാരം നൽകുകയും സ്റ്റാഫ് സ്ട്രെംഗ്ത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും വേണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സമൂഹം നേരിടുന്ന അതീവ ഗൗരവമുള്ള വിഷയം ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. നിലവിലെ അന്വേഷണ രീതിയിലും കേസുകൾ ചാർജ്ജ് ചെയ്യുന്ന രീതിയിലും ചില മാറ്റങ്ങൾ വരുത്താനുദ്ദേശിക്കുന്നുണ്ട്. നാർക്കോട്ടിക് കേസുകളിൽപ്പെട്ട പ്രതികളുടെ മുൻശിക്ഷകളുടെ വിവരം കുറ്റപത്രത്തിൽ വ്യക്തമാക്കാനും കുറ്റകൃത്യങ്ങളിൽ ഉൾപ്പെടില്ല എന്ന് വ്യക്തമാക്കുന്ന ബോണ്ട് പ്രതികളിൽനിന്ന് വാങ്ങുന്നതിനും സ്ഥിരം കുറ്റവാളികൾക്കെതിരെ രണ്ടുവർഷംവരെ വിചാരണ കൂടാതെ കരുതൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും മയക്കുമരുന്ന് കേസ്സുകളിൽ ഒന്നിലധികംതവണ ഉൾപ്പെടുന്നവരുടെ വ്യക്തിപരമായ വിവരശേഖരണം നടത്തി ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കി പോലീസ് സ്റ്റേഷൻ, എക്സൈസ് റേഞ്ച് ഓഫീസ് എന്നിവിടങ്ങളിൽ സൂക്ഷിച്ച് കുറ്റവാളികളെ നിരന്തരം നിരീക്ഷിക്കുന്നതിനും

നിർദ്ദേശിച്ചിട്ടുണ്ട്. ട്രെയിനുകളിൽ സ്നിഫർ ഡോഗുകളെ ഉപയോഗപ്പെടുത്തി പരിശോധന നടത്തി ഇത് തടയുന്നതിനുള്ള നടപടികൾ ശക്തിപ്പെടുത്തുന്നതാണ്. വിദ്യാലയങ്ങൾക്കുചുറ്റും ലഹരിവിരുദ്ധ സംരക്ഷണ ശൃംഖല തീർക്കുകയും വിദ്യാർത്ഥികളെ അണിനിരത്തി നാടാകെ ലഹരി വിരുദ്ധ സന്ദേശം ഉൾക്കൊള്ളുന്ന വിവിധ കലാപാരിപാടികൾ സംഘടിപ്പിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ബസ് സ്റ്റാന്റുകൾ, കവലകൾ, ക്ലബ്ബുകൾ തുടങ്ങിയ സ്ഥലങ്ങളിൽ പ്രൊജക്ടറുകൾ സ്ഥാപിച്ച് ലഹരിവിരുദ്ധ സന്ദേശം പ്രചരിപ്പിക്കുകയും ചെയ്യണം. എല്ലാ വിദ്യാലയങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജനജാഗ്രതാ സമിതികൾ രൂപീകരിക്കണം. മയക്കുമരുന്ന് ലോബികൾ വിദ്യാഭ്യാസ സ്ഥാപനത്തിനകത്ത് കടക്കാതിരിക്കാനുള്ള മുൻകരുതലുണ്ടാകണം. ലഹരിവിമുക്ത ക്യാമ്പയിനുവേണ്ടി എൻ.സി.സി., സ്റ്റുഡന്റ് പോലീസ് കേഡറ്റ്, വിമുക്തി ക്ലബ്ബുകൾ തുടങ്ങി വിവിധ സംവിധാനങ്ങളുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്. സ്കൂളുകൾക്ക് ചുറ്റുമുള്ള കച്ചവടസ്ഥാപനങ്ങളിൽ മയക്കുമരുന്ന് വ്യാപാരം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആ സ്ഥാപനം പൂട്ടാനുള്ള നടപടി സ്വീകരിക്കുന്നതാണ്. സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ ലഹരിവിരുദ്ധ പോസ്റ്ററുകൾ

പതിക്കുകയും ലഹരി ഉപഭോഗമോ വിതരണമോ നടത്തുന്നവരെക്കുറിച്ച് അറിയിക്കാനുള്ള ഉദ്യോഗസ്ഥരുടെ പേരും ഫോൺ നമ്പരും രേഖപ്പെടുത്തുകയും വേണം. എല്ലാ വ്യാപാര സ്ഥാപനങ്ങളിലും 'ഈ സ്ഥാപനത്തിൽ ലഹരി പദാർത്ഥങ്ങൾ വിൽപ്പന നടത്തുന്നില്ല' എന്ന ബോർഡ് പ്രദർശിപ്പിക്കണം. എല്ലാ എക്സൈസ് ഓഫീസുകളിലും ലഹരി ഉപഭോഗം/വിതരണം സംബന്ധിച്ച വിവരങ്ങൾ സമാഹരിക്കാൻ കൺട്രോൾ റൂം തുറക്കുന്നതാണ്. പരാതി നൽകുന്ന വ്യക്തിയുടെ പേരും വിശദാംശങ്ങളും രഹസ്യമായി സൂക്ഷിക്കണമെന്നും പോലീസ് ഇക്കാര്യത്തിൽ ചടുലമായി പ്രതികരിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. സമൂഹത്തെ ലഹരിമുക്തമാക്കി മാറ്റാൻ ഒറ്റക്കെട്ടായി നിൽക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

മി. സ്പീക്കർ: ലഹരിക്കെതിരായ പോരാട്ടത്തിന് തുടക്കം കുറിക്കണമെന്ന ശക്തമായ സന്ദേശമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയിട്ടുള്ളത്. വർത്തമാനസമൂഹം നേരിടുന്ന ഏറ്റവും വലിയ വിപത്തായ ലഹരി വസ്തുക്കളുടെ ഉപയോഗം സംബന്ധിച്ച വിഷയം ഗൗരവത്തോടെയും ഔചിത്യത്തോടെയും അവതരിപ്പിച്ച അംഗത്തെ അഭിനന്ദിക്കുന്നതോടൊപ്പം ലഹരിക്കെതിരായ പ്രവർത്തനങ്ങളിൽ നിയമസഭയുടെയും കെ-ലാംപ്സ്, സഭാ

ടി.വി. വിഭാഗങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുന്നതാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): വിദ്യാർത്ഥികളിലും യുവാക്കൾക്കിടയിലും വർദ്ധിച്ചുവരുന്ന മാരക ലഹരി വസ്തുക്കളുടെ ഉപയോഗം സംസ്ഥാനം അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളിയാണ്. കൗൺസിലിംഗിലൂടെയും ഡീ-അഡിക്ഷൻ സെന്ററുകൾ മുഖാന്തരവും കുറച്ചുപേരെ ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ലഹരി വസ്തുക്കളുടെ ലഭ്യതയും ഉപയോഗവും കുറയ്ക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങളോട് പ്രതിപക്ഷം പൂർണ്ണമായും സഹകരിക്കുന്നതാണ്. എക്സൈസിന്റെ സേനാബലം വർദ്ധിപ്പിക്കുകയും ലഹരിക്കടത്ത് കുറ്റവാളികൾക്കെതിരെ കർശന നിലപാട് സ്വീകരിക്കുകയും സംസ്ഥാനാടിസ്ഥാനത്തിൽ കുറ്റവാളികളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കുകയും വേണം. ലഹരി ഉപയോഗം തടയാൻ യുവാക്കളിലും വിദ്യാർത്ഥികളിലും ഫിറ്റ്നസ് അവയർനസ് വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള പദ്ധതികൾ രൂപീകരിക്കുന്ന കാര്യം ആലോചിക്കണം. ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ റെസിഡന്റ്സ് അസോസിയേഷനുകളെ പങ്കാളികളാക്കുകയും ലഹരിക്കെതിരെ സംസ്ഥാനാടിസ്ഥാനത്തിൽ വലിയ രീതിയിലുള്ള

കാമ്പയിനിന് തുടക്കം കുറിക്കുകയും വേണം.

## IV. **ശ്രദ്ധ ക്ഷണിക്കൽ**

### 1. കേന്ദ്ര സാമ്പത്തികനയം തിരുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. നന്ദകുമാർ: സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്ന കേന്ദ്രനയംമൂലം വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായിരിക്കുന്നതിനാൽ സംസ്ഥാനത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. പുഴകളിലും ഡാമുകളിലും അടിഞ്ഞുകൂടുന്ന മണൽ നീക്കംചെയ്താൽ വെള്ളപ്പൊക്കം ഒഴിവാക്കാനും അതുവഴി അധികവരുമാനമുണ്ടാക്കാനും സാധിക്കും. ഭാരതപ്പുഴയിൽനിന്നും മണലെടുക്കാനുള്ള നടപടിക്ക് മുൻഗണന നൽകണം. റോഡുകളിലും പൊതുസ്ഥലങ്ങളിലും കിടന്ന് നശിച്ചുപോകുന്ന വാഹനങ്ങൾ, വനങ്ങളിലും റോഡരികുകളിലും വീണുകിടക്കുന്ന മരങ്ങൾ തുടങ്ങിയവ ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് വില്പന നടത്തി അധിക വരുമാനമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിനെ കടുത്ത സാമ്പത്തികപ്രതിസന്ധിയിലാക്കുകയാണ്. കേരളത്തിലെ 44

നദികളിൽ 26 എണ്ണത്തിൽ സാൻഡ് ഓഡിറ്റിംഗ് പൂർത്തിയാക്കുകയും ആവശ്യത്തിലധികം മണൽ നിക്ഷേപമുള്ള 14 നദികളിൽ സാൻഡ് മൈനിംഗ് ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. സാൻഡ് മൈനിംഗിലൂടെ ലഭിക്കുന്ന മണൽ ബന്ധപ്പെട്ട കടവ് കമ്മിറ്റി മുഖേന വില്പന നടത്തിവരുന്നു. എൻ.ഡി.പി.എസ്. ആക്ട് പ്രകാരം എക്സൈസ് വകുപ്പ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ വേഗത്തിൽ വിൽക്കുന്നതിന് ജില്ലകളിൽ ഡിസ്പോസൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നദികളിലും ജലാശയങ്ങളിലും അടിഞ്ഞുകൂടുന്ന മണൽ, വിവിധ എൻഫോഴ്സ്മെന്റ് ഏജൻസികൾ കണ്ടുകെട്ടുന്ന വാഹനങ്ങൾ എന്നിവയുടെ വില്പനയിലൂടെ നികുതിയേതര വരുമാനത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഭാരതപ്പുഴ ഉൾപ്പെടെയുള്ള മറ്റുനദികളിൽ യുദ്ധകാലാടിസ്ഥാനത്തിൽ മണലെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 2. അട്ടപ്പാടിയിലെ ഭൂമി കയ്യേറ്റങ്ങൾ

<u>ശ്രീമതി കെ.കെ. രമ</u>: ദേശീയ അവാർഡ് ജേതാവ് ഗായിക നഞ്ചിയമ്മയുടേതുൾപ്പെടെ അട്ടപ്പാടിയിലെ ആദിവാസികളുടെ ഭൂമി വ്യാജരേഖകളുണ്ടാക്കി കൈക്കലാക്കുന്ന ഭൂമാഫിയകളെ സഹായിക്കുന്ന

നിലപാടാണ് റവന്യൂ ഉദ്യോഗസ്ഥരും പോലീസും സ്വീകരിച്ചുവരുന്നത്. ഇത്തരത്തിൽ വ്യാജരേഖയുണ്ടാക്കി തട്ടിയെടുത്ത ഭൂമിയുടെ കണക്ക് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി അന്വേഷണം നടത്തണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): ഇതുസംബന്ധിച്ച് 1999-ലെ കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും എന്ന നിയമമാണ് നിലവിലുള്ളത്. നഞ്ചിയമ്മയുടെ ഭർത്താവിന്റെ പിതാവ് നാഗമൂപ്പന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന ഭൂമി പട്ടികവർഗ്ഗക്കാരനല്ലാത്ത ഒരാൾക്ക് കൈമാറ്റം ചെയ്തത് റദ്ദ് ചെയ്ത് പുനഃസ്ഥാപിച്ചുനൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കും. ആദിവാസി ഭൂമി കയ്യേറുന്നതിനായി റവന്യൂ ഉദ്യോഗസ്ഥരും പോലീസും കൂട്ടുനിൽക്കുന്നുവെന്ന അഭിപ്രായം സർക്കാരിനില്ല. ആദിവാസികളുടെ ഭൂമി വ്യാജരേഖ ഉപയോഗിച്ച് തട്ടിയെടുക്കുന്ന ഗൂഢസംഘങ്ങളെക്കുറിച്ച് അന്വേഷിക്കാൻ റവന്യൂ വിജിലൻസിന്റെ പ്രത്യേക സംഘത്തെ ചുമതലപ്പെടുത്തുന്നതും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതുമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 369 പട്ടയങ്ങൾ വിതരണം ചെയ്യുകയും

വനാവകാശ നിയമപ്രകാരം 168 പേർക്ക് കൈവശരേഖ നൽകുകയും ചെയ്തിട്ടുണ്ട്. ഈ വർഷം ആദിവാസി-മലയോര മേഖലകളിലെ പട്ടയ വിതരണത്തിനാണ് റവന്യൂ വകുപ്പ് മുൻഗണന നൽകുന്നത്. ഭൂമാഫിയക്കെതിരെ ശക്തമായ നടപടിയാണ് സ്വീകരിക്കുന്നത്.

V. **സബ്മിഷൻ**

(1) കാസർഗോഡ് ജില്ലയിലെ വിവിധ വകുപ്പുകളിലെ ഒഴിവുകൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി കാസർഗോഡ് ജില്ലയിലെ വിവിധ വകുപ്പുകളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കാസർഗോഡുൾപ്പെടെ ചില ജില്ലകളിൽ വിവിധ വകുപ്പുകളിൽ നിയമനം ലഭിക്കുന്ന ജീവനക്കാർ അവധിയിൽ പോകുന്നതുമൂലം അവശ്യ തസ്തികകളിൽ ജീവനക്കാരില്ലാത്ത സാഹചര്യം പദ്ധതി നിർവ്വഹണത്തിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ നിശ്ചിത കാലയളവിൽ അതത് ജില്ലകളിൽ ജോലി ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കാൻ ബന്ധപ്പെട്ട വകുപ്പ് തലവന്മാർക്കും ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ

നിയമനാധികാരികൾക്കും കർശനനിർദ്ദേശം നൽകിയിട്ടുണ്ട്.

(2) ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ വരുമാനം

ശ്രീ. എം. എസ്. അരുൺകുമാർ: ദേവസ്വം ബോർഡ് ക്ഷേത്രങ്ങൾക്കും ഇതര ക്ഷേത്രങ്ങൾക്കും സർക്കാർ സഹായം നൽകുന്നുണ്ടോയെന്നും അവയുടെ വരുമാനം സർക്കാരിലേയ്ക്ക് എത്തുന്നുണ്ടോയെന്നും വ്യക്തമാക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ വരുമാനം നേടിയെടുക്കാനുള്ള ശ്രമം സർക്കാർ നടത്തിയിട്ടില്ല. പ്രളയവും കോവിഡ് മഹാമാരിയുംമൂലം ക്ഷേത്രങ്ങളുടെ വരുമാനത്തിൽ കുറവുവന്ന സാഹചര്യത്തിൽ ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി നാളിതുവരെ 450 കോടി രൂപ ദേവസ്വം ബോർഡുകൾക്ക് അനുവദിച്ചിട്ടുണ്ട്. ദേവസ്വം ബോർഡിന് കീഴിലുള്ള സ്ഥാപനങ്ങളും ഭൂമിയും നഷ്ടപ്പെടാതിരിക്കാൻ സമഗ്രമായ നടപടി സ്വീകരിച്ചുവരികയാണ്. ശബരിമല മാസ്റ്റർപ്ലാൻ നടപ്പാക്കാനും തീർത്ഥാടകർക്ക് ഇടത്താവളം സ്ഥാപിക്കാനും ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കും ചോറ്റാനിക്കര ദേവി

ക്ഷേത്രത്തിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനും തുക അനുവദിച്ചിട്ടുണ്ട്. ക്ഷേത്രങ്ങളെയും വിശ്വാസങ്ങളെയും സംരക്ഷിക്കാനുള്ള നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്.

## (3) അതിരാറ്റുകുന്ന്, വാളവയൽ വിദ്യാലയങ്ങളിൽ യു.പി. വിഭാഗം അനുവദിക്കൽ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സുൽത്താൻബത്തേരി നിയോജകമണ്ഡലത്തിലെ അതിരാറ്റുകുന്ന്, വാളവയൽ ഹൈസ്കൂളുകളിൽ യു.പി. വിഭാഗം അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനോ പുതുതായി സ്കൂൾ ആരംഭിക്കാനോ സാധിക്കില്ല. സാമ്പത്തികം, സാമൂഹികം, വിദ്യാഭ്യാസ പിന്നാക്കാവസ്ഥ, യാത്രാസൗകര്യങ്ങളുടെ അപര്യാപ്തത, വിദ്യാർത്ഥികളുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന പൊതുനയത്തിന്റെ ഭാഗമായാണ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതും പുതുതായി ആരംഭിക്കുന്നതും. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് മാത്രമേ അപ്ഗ്രഡേഷൻ സംബന്ധിച്ച് നയപരമായ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. അപ്ഗ്രഡേഷൻ സംബന്ധിച്ച് തീരുമാനമെടുക്കുന്ന ഘട്ടത്തിൽ പ്രസ്തുത

സ്കൂളുകൾക്ക് മുൻഗണന നൽകുന്നതാണ്.

(4) ബേക്കൽ ബീച്ച് ഫെസ്റ്റിവൽ

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: ബേക്കൽ ബീച്ച് ഫെസ്റ്റിവൽ നടത്തുന്നതിന് വിനോദസഞ്ചാര വകുപ്പിന്റെ അനുമതിയും സാമ്പത്തിക സഹായവും ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ബി.ആർ.ഡി.സി.-യെയും ഡി.റ്റി.പി.സി.-യെയും മറ്റ് വകുപ്പുകളെയും സംയോജിപ്പിച്ച് ബേക്കൽ ബീച്ച് ഫെസ്റ്റിവൽ നടത്തുന്നതിന് വിനോദസഞ്ചാര വകുപ്പ് പ്രത്യേക ഗ്രാന്റ് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. എം.എൽ.എ.-യുടെ നേതൃത്വത്തിൽ പ്രാദേശിക സംഘാടനം നടത്തി ഫെസ്റ്റിവൽ സംഘടിപ്പിക്കാൻ മുൻകയ്യെടുക്കണം.

(5) മാമ്മൂട്-മല്ലപ്പള്ളി റോഡ് നവീകരണം

ശ്രീ. ജോബ് മൈക്കിൾ: ചങ്ങനാശ്ശേരി-കാഞ്ഞിരപ്പള്ളി-തിരുവല്ല നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്നതും ശബരിമല തീർത്ഥാടകർ ആശ്രയിക്കുന്നതുമായ മാമ്മൂട്-മല്ലപ്പള്ളി റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ശബരിമല പാക്കേജ്/വകുപ്പ് ഫണ്ടിലുൾപ്പെടുത്തി

ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ചങ്ങനാശ്ശേരി-കാഞ്ഞിരപ്പള്ളി-തിരുവല്ല നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന മാമ്മൂട്-മല്ലപ്പള്ളി റോഡ് നിലവിൽ റണ്ണിംഗ് കോൺട്രാക്ടിലുൾപ്പെടുത്തി പരിപാലിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിക്കുന്നതിനായി ഏതെങ്കിലും പദ്ധതിയിലുൾപ്പെടുത്തുന്ന കാര്യം പരിശോധിക്കാം.

(6) അങ്കമാലി ബൈപാസ്, കാലടി സമാന്തരപാലം നിർമ്മാണം

ശ്രീ. റോജി എം. ജോൺ: അങ്കമാലിയിലെയും കാലടിയിലെയും ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി അങ്കമാലി ബൈപാസിന്റെ നിർമ്മാണം വേഗത്തിലാക്കുന്നതിനും കാലടി സമാന്തരപാലം നിർമ്മാണം ആരംഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ഭരണാനുമതി നൽകി കാലടി സമാന്തരപാലം നിർമ്മാണം തുടങ്ങുന്നതിനുവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്കമാലി

ബൈപ്പാസിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ സർവ്വേ ടീമിനെ നിയോഗിക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങളിന്മേൽ റവന്യൂ വകുപ്പുമന്ത്രിയുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## (7) അവയവദാന ശസ്ത്രക്രിയ

ശ്രീ. എച്ച്. സലാം: സർക്കാർ മേഖലയിൽ കൂടുതൽ അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും സ്വകാര്യ ആശുപത്രികൾ അവയവദാന ശസ്ത്രക്രിയയ്ക്കായി ഈടാക്കുന്ന തുക ഏകീകരിക്കാനും നിയന്ത്രിക്കാനും ശസ്ത്രക്രിയാനന്തരം തുടർച്ചയായി ആവശ്യമായി വരുന്ന മരുന്ന് സൗജന്യനിരക്കിൽ ലഭ്യമാക്കാനും രക്തബന്ധുക്കളല്ലാത്തവരിൽനിന്ന് അവയവങ്ങൾ മാറ്റിവയ്ക്കാൻ സർക്കാർ ആശുപത്രികളിൽ നിലനിൽക്കുന്ന തടസ്സങ്ങൾ നീക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): അവയവദാന ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട ജില്ലാതല ആതറൈസേഷൻ കമ്മിറ്റി യഥാസമയം ചേരുന്നതിനും പരിശോധിച്ച് അനുമതി നൽകുന്നതിനുമായി നടപടിക്രമങ്ങൾ വേഗത്തിലാക്കിയിട്ടുണ്ട്. സർക്കാർ മേഖലയിൽ അവയവമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യങ്ങൾ

വിപുലപ്പെടുത്തുന്നതിന് ആലോചിക്കുന്നുണ്ട്. ഒരു വിജ്ഞാന കേന്ദ്രമെന്ന നിലയിൽ ഒരു ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു. എൻ.ഐ.സി. തയ്യാറാക്കുന്ന രജിസ്ട്രി നിലവിൽ വരുന്നതോടെ അവയവദാന പ്രക്രിയ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാകും. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടനുസരിച്ച് ശസ്ത്രക്രിയയ്ക്കുള്ള നിരക്ക് പ്രദർശിപ്പിക്കണമെന്ന വ്യവസ്ഥ എല്ലാ സ്വകാര്യ ആശുപത്രികളും കർശനമായി പാലിക്കേണ്ടതാണ്. ബി.പി.എൽ. കുടുംബത്തിലെ അവയവംമാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയരാകുന്നവർക്ക് തനത് സ്കീമുകൾവഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കിഡ്നി ട്രാൻസ്പ്ലാന്റേഷനുശേഷം കാസ്പ്‌വഴി ആരോഗ്യവകുപ്പും ഒരു വർഷം വരെ മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്.

(8) <u>കാസർഗോഡ് ജനറൽ ആശുപത്രിയിലെ രാത്രികാല പോസ്റ്റുമോർട്ടം</u>

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: കാസർഗോഡ് ജനറൽ ആശുപത്രിയിൽ ആവശ്യമായ ജീവനക്കാരെ നിയോഗിച്ച് രാത്രികാല പോസ്റ്റുമോർട്ടം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): സർക്കാർ മെഡിക്കൽ കോളേജുകളിലും കാസർഗോഡ് ജനറൽ

ആശുപത്രിയിൽ പൈലറ്റ് അടിസ്ഥാനത്തിലും രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നതിന് അനുമതി നൽകി ഉത്തരവിറക്കിയിട്ടുണ്ട്. കാസർഗോഡ് ജനറൽ ആശുപത്രിയിൽ രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നതിന് അടിസ്ഥാനസൗകര്യമൊരുക്കുകയും നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് എന്നിവരെ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിക്കുകയും ആശുപത്രിയിൽ നിലവിൽ അനുവദിച്ചിട്ടുള്ള ജൂനിയർ കൺസൾട്ടന്റ് ഫോറൻസിക് സർജൻ തസ്തികയിൽ ജോലിചെയ്തുവരുന്ന ഡോക്ടറുൾപ്പെടെ മറ്റ് വിഭാഗം ഡോക്ടർമാരെ നിയോഗിക്കുകയും പോസ്റ്റ്മോർട്ടം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(9) നെടുമ്പന സി.എച്ച്.സി.-യിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം

ശ്രീ. പി. സി. വിഷ്ണുനാഥ്: നെടുമ്പന സി.എച്ച്.സി.-യിലെ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): കോവിഡ് ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിന് വിശദമായ പരിശോധന നടത്തുകയും ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 90 സ്ഥാപനങ്ങളിൽ നെടുമ്പന പി.എച്ച്.സി.-യെ ഉൾപ്പെടുത്തുകയും

നിർമ്മാണപ്രവൃത്തിക്കായി സ്ഥലം കൈമാറുകയും ചെയ്തിട്ടുണ്ട്. ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്.

(10) അഴീക്കോട് മിനി ഫിഷ് ലാൻഡിംഗ് സെന്റർ

ശ്രീ. കെ. വി. സുമേഷ്: മത്സ്യത്തൊഴിലാളി ഗ്രാമമായ നീർക്കടവിൽ മിനി ഫിഷ് ലാൻഡിംഗ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): നീർക്കടവിൽ ഫിഷിംഗ് ഹാർബർ ആരംഭിക്കുന്നതിന്റെ സാധ്യത പരിശോധിക്കുകയും സ്ഥലം ലഭ്യമായാലുടൻ തുടർ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

## VI. നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(i) 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ

പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സംസ്ഥാനം അഭിമുഖീകരിക്കുന്ന വികസനവെല്ലുവിളികൾ നേരിടുന്നതിന് സർക്കാർ വകുപ്പുകളുടെയും മറ്റ് ഏജൻസികളുടെയും ഏകോപനം അനിവാര്യമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥ സംവിധാനങ്ങളെ ഏകീകരിച്ച് ഒറ്റ സർവ്വീസാക്കി മാറ്റാനാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. റോജി എം. ജോൺ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സ്വതന്ത്രമായി പ്രവർത്തിക്കേണ്ട പഞ്ചായത്ത്, മുനിസിപ്പാലിറ്റി ഭരണസംവിധാനങ്ങളെ സംയോജിപ്പിക്കുന്നത് അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാനതത്വങ്ങൾക്കെതിരാണ്. വിവിധ വകുപ്പുകളുടെ ഏകോപനം സാദ്ധ്യമാക്കുന്നതുസംബന്ധിച്ച് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്വയംഭരണാവകാശം കവർന്നെടുക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. കമ്മ്യൂണിറ്റി കിച്ചൻ നടത്തിപ്പുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിക്കണം. പശ്ചാത്തല സൗകര്യവികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കണം. തെരുവുനായ്ക്കളുടെ നിയന്ത്രണത്തിനായുള്ള എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക അനുവദിക്കണം. അധികാരവികേന്ദ്രീകരണം പ്രാവർത്തികമാക്കുന്നതിന് മെയിന്റനൻസ് ഗ്രാന്റ് ഉൾപ്പെടെ പദ്ധതിവിഹിതം ലഭ്യമാക്കുകയും കേന്ദ്രീകൃത മാലിന്യനിർമ്മാർജ്ജനത്തിന് കർമ്മപദ്ധതി ആവിഷ്കരിക്കുകയും വേണം. കായികക്ഷമതയുള്ള യുവതലമുറയ്ക്കായി വാർഡിലൊരു കളിസ്ഥലം യാഥാർത്ഥ്യമാക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനും കായിക സംസ്കാരം വളർത്തിയെടുക്കുന്നതിനും നടപടി സ്വീകരിക്കണം. എയിഡഡ് സ്കൂളുകളിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് എം.എൽ.എ. ഫണ്ടിൽനിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി ലഭ്യമാക്കണം.

ശ്രീ. ടി. ജെ. വിനോദ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപവൽക്കരിക്കുമ്പോൾ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് അവലോകനം നടത്തുകയും സാമ്പത്തിക സ്ഥിതി വിലയിരുത്തുകയും വേണം. ഏകീകരണം നടത്തി ഉദ്യോഗസ്ഥരെ

സർക്കാർ ജീവനക്കാരായി പരിഗണിക്കുമ്പോൾ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകാൻ നടപടി സ്വീകരിക്കണം. പൊതുജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തസ്തികകൾ പുന:ക്രമീകരിക്കണം.

ശ്രീ. പി. ഉബൈദുള്ള: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഭരണ സംവിധാനത്തിന്റെ സംയോജനം അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന തത്വങ്ങൾക്ക് യോജിച്ചതല്ല. ഏകീകരണം നടപ്പാക്കേണ്ട രീതി സംബന്ധിച്ച് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടില്ല. വ്യക്തമായ പഠനങ്ങൾ കൂടാതെ നടപ്പാക്കുന്നത് നിയമവ്യവഹാരങ്ങൾക്ക് കാരണമാകും. ഏകീകരണത്തിലൂടെ പഞ്ചായത്ത് ജീവനക്കാർക്ക് ലഭിക്കേണ്ട അർഹമായ പ്രൊമോഷൻ സാധ്യതകൾ ഇല്ലാതാകുന്നതാണ്. ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പദ്ധതി പുനഃസ്ഥാപിക്കുന്നതിനും എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടും പ്രത്യേക വികസന ഫണ്ടും വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യസംസ്കരണം നടപ്പാക്കുന്നതിനും തെരുവുനായ ശല്യം കുറയ്ക്കുന്നതിനും ഇടപെടലുണ്ടാകണം. അനധികൃതമായി നിർമ്മിക്കുന്ന കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് നൽകുന്നതിനെതിരെ നടപടി സ്വീകരിക്കണം.

ശ്രീ. എ. എൻ. ഷംസീർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. വി. ജോയി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സാങ്കേതിക മേഖലയുടെ വളർച്ച പൂർണ്ണമായും ഉപയോഗിച്ച് ഉല്പാദന മേഖലയിലും പ്രാദേശിക സേവനരംഗങ്ങളിലും ഐ.ടി. അധിഷ്ഠിത സംരംഭങ്ങൾ ഉൾപ്പെടെയുള്ള സാമ്പത്തിക വളർച്ച സൃഷ്ടിക്കുകയാണ് പ്രധാന ലക്ഷ്യം. പൊതുസർവ്വീസ് നടപ്പിലാക്കുന്നതിലൂടെ ജനങ്ങൾക്ക് ഏറ്റവും മെച്ചപ്പെട്ട സേവനം ഉറപ്പാക്കാൻ സർക്കാരിന് കഴിയും. പ്രാദേശിക ഭരണ സംവിധാനമെന്ന നിലയിൽ എഞ്ചിനീയറിംഗ് വിഭാഗത്തെ ശക്തിപ്പെടുത്തുകയും പ്രാപ്തരായ ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പാക്കുകയും കൃത്യമായ അവലോകനം നടത്തുകയും വേണം. മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ, പൊതുശ്മശാനം എന്നിവ സ്ഥാപിക്കുന്നതിൽ സമവായമുണ്ടാക്കണം. വാതിൽപ്പടി സേവനങ്ങൾ, അതിദരിദ്രരെ കണ്ടെത്തി സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടി എന്നിവ ജനങ്ങൾക്ക് ആശ്വാസകരമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള സ്രോതസ്സ് കണ്ടെത്തണം. ഫയലുകൾ

തീർപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി അഭിനന്ദനാർഹമാണ്. കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ഫണ്ടുകൾ സഹകരണസ്ഥാപനങ്ങൾവഴി നൽകിക്കൊണ്ട് സഹകരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ടുള്ള വികസന പദ്ധതികളാവിഷ്കരിക്കണം. വകുപ്പുകളുടെ സംയോജനത്തിലൂടെ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കപ്പെടുമെന്നാണ് പ്രതീക്ഷ.

ശ്രീ. റോജി എം. ജോൺ ചുമതലപ്പെടുത്തിയതുപ്രകാരം ഡോ. മാത്യു കുഴൽനാടൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പ്രോപ്പർട്ടി ടാക്സ്, പ്രൊഫഷണൽ ടാക്സ്, അഡ്വർടൈസ്മെന്റ് ടാക്സ് എന്നിവ വർദ്ധിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ലോക്കൽ ഗവൺമെന്റുകളായി വികസിപ്പിച്ച് അധികാരം കൈമാറുന്നതിൽ മാറിമാറി വരുന്ന സർക്കാരുകൾ അലംഭാവം കാണിക്കുകയാണ്. പഞ്ചായത്തുകൾക്ക് ലൈഫ് മിഷൻ പദ്ധതിക്കാവശ്യമായ ഫണ്ട് ലഭ്യമാക്കാനും പഞ്ചായത്ത് മെമ്പർമാരുടെയും മുനിസിപ്പൽ/കോർപ്പറേഷൻ കൗൺസിലർമാരുടെയും ഓണറേറിയം

വർദ്ധിപ്പിക്കാനും അവർക്ക് പെൻഷൻ ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം. പഞ്ചായത്തുകൾക്ക് ലഭിക്കുന്ന ജനറൽ ഫണ്ടിന് എല്ലാ വർഷവും കൊടുത്തുകൊണ്ടിരുന്ന പത്ത് ശതമാനം വർദ്ധനവ് വർഷങ്ങളായി അനുവദിക്കാത്തത് അപലപനീയമാണ്. മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി പഞ്ചായത്ത് തലത്തിൽ ഇ-വേസ്റ്റുകൾ ശേഖരിക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വാഗതം ചെയ്യുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏകീകരണത്തോടെ നിലവിലുള്ള ജീവനക്കാരുടെ പ്രൊമോഷനും മറ്റ് ആനുകൂല്യങ്ങളും നഷ്ടപ്പെടുമെന്ന ആശങ്ക അടിസ്ഥാനരഹിതമാണ്. ഐ.എൽ.ജി.എം.എസ്. നിലവിൽ വന്നതുമൂലം ജീവനക്കാരുടെ ജോലിഭാരം വർദ്ധിച്ചെന്ന പരാമർശം വസ്തുതാവിരുദ്ധമാണ്. ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിച്ചും കേന്ദ്രീകൃത മാലിന്യ പ്ലാന്റുകൾ സ്ഥാപിച്ചും സംസ്ഥാനം അഭിമുഖീകരിക്കുന്ന മാലിന്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതാണ്. മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ബോധവത്ക്കരണം നടത്താൻ

കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാവരുടെയും സഹായസഹകരണം അഭ്യർത്ഥിക്കുന്നു. പൊതുജനങ്ങളുടെയും വിവിധ വകുപ്പുകളുടെയും യോജിച്ച പ്രവർത്തനത്തിലൂടെ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം കുറയ്ക്കാൻ സാധിക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനത്തിലൂടെയാണ് പ്രളയവും കോവിഡും ഉൾപ്പെടെയുള്ള പ്രതികൂല സാഹചര്യങ്ങളെ പ്രതിരോധിക്കാൻ ഗവൺമെന്റിന് സാധിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതിക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കുന്നതാണ്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെട്ട പ്രളയത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനരുദ്ധാരണം വേഗത്തിൽ പൂർത്തീകരിക്കുന്നതാണ്. കായിക മേഖലയിൽ മികച്ച വിജയം നേടുന്നവർക്ക് ജോലി ഉൾപ്പെടെ നൽകി പ്രോത്സാഹിപ്പിക്കുന്ന നിലപാട് സ്വീകരിക്കുന്നതാണ്. അർഹരായ പട്ടികജാതി-പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി വിഭാഗങ്ങൾക്ക് ലൈഫ് പദ്ധതിയുടെ ഭാഗമായി വീട് ലഭ്യമാക്കുന്നതിലുള്ള തടസ്സങ്ങൾ പരിഹരിക്കുന്നതാണ്. സ്വതന്ത്രമായ രീതിയിൽ പ്രവർത്തിക്കാനും വരുമാനം ആർജ്ജിക്കാനും സാധിക്കുന്ന തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

175, 176, 177, 179, 180, 185, 191, 194, 196, 198, 199, 200, 203, 205, 206, 207, 209, 212, 213, 220, 224, 226, 229 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

203. ഖണ്ഡം 2(i) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 180(4)-ൽ "പൊതു സർവ്വീസ്" എന്നതിന് പകരം "പൊതുസർവ്വീസ്" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

230, 231, 232, 233, 234, 241, 245, 250, 252, 254, 255, 256, 258, 264, 269, 270, 271, 274 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

275, 276, 277, 278, 279, 280, 282, 283, 288, 294, 296, 297, 301, 303, 309, 314, 316, 318 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## <u>അഞ്ചാം വകുപ്പ്</u>

319, 320 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## <u>ഒന്നാം വകുപ്പും പീഠികയും പേരും</u>

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

ദീർഘശീർഷകത്തിലും പീഠികയിലും " എഞ്ചീനിയറിങ്" എന്നതിന് പകരം " എഞ്ചിനീയറിംഗ് " എന്ന് ചേർക്കുക.

119, 120, 124, 125, 126, 127, 128, 130, 131, 135, 139, 143, 148, 149, 151, 151എ, 152, 155, 163, 164, 168 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

138. പീഠികയിൽ "  ഏകീകരിച്ചു കൊണ്ട്" എന്നതിന് പകരം

"ഏകീകരിച്ചുകൊണ്ട്" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

127. ദീർഘശീർഷകത്തിൽ "  തദ്ദേശസ്വയം ഭരണപൊതുസർവ്വീസ്" എന്നതിന് പകരം " തദ്ദേശസ്വയംഭരണ പൊതുസർവ്വീസ്" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): 2022-ലെ കേരള തദ്ദേശസ്വയംഭരണ

പൊതുസർവ്വീസ് ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

(iii) 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ, 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരളത്തിൽ വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാനോ ലാഭകരമായി പ്രവർത്തിക്കുന്ന വൻകിട വ്യവസായങ്ങൾ നിലനിർത്താനോ സാധിച്ചിട്ടില്ല. സംസ്ഥാനത്ത് വ്യവസായ നിക്ഷേപം നടത്താനുള്ള സാഹചര്യം ഒരുക്കണം. തൊഴിൽരഹിതരായ യുവതീ-യുവാക്കളെ സംരംഭകരാക്കാനും പ്രോത്സാഹിപ്പിക്കാനും നടപടി സ്വീകരിക്കണം. പ്രസ്തുത ബില്ലിലെ അദ്ധ്യായം II എ-യിൽ, ' മൂലധന നിക്ഷേപം 10 കോടി രൂപയായി വർദ്ധിപ്പിക്കാനും 13 എഫ്-ൽ 'ഇത്തരത്തിലുള്ള നഷ്ടം തിട്ടപ്പെടുത്തി നിശ്ചിത തുക ഈടാക്കുമെന്ന' വ്യവസ്ഥകൂടി ഉൾപ്പെടുത്താനും 13 ബി (4)-ലെ (3)-ാം ഉപവകുപ്പിൽ നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കാത്ത അപേക്ഷകൾ സംസ്ഥാന പരാതിപരിഹാര കമ്മിറ്റിയിലേയ്ക്ക് അയയ്ക്കാനുള്ള സമയപരിധി നിശ്ചയിക്കാനും വ്യവസ്ഥ ചെയ്യണം. കമ്മിറ്റിയിൽ പരാതി തീർപ്പാക്കുന്ന നടപടിക്രമത്തെക്കുറിച്ചും അംഗങ്ങളുടെ ക്വാറത്തെക്കുറിച്ചും വ്യക്തത വരുത്തണം. വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ വൈദ്യുതി നിരക്കിൽ ഇളവ് നൽകണം. ഓൺലൈൻ സിംഗിൾ വിൻഡോ

സംവിധാനവും ലൈസൻസ് പുതുക്കാനുള്ള നടപടിക്രമങ്ങളും ലഘൂകരിക്കാൻ നടപടിയുണ്ടാകണം. രേഖകൾ ഹാജരാക്കി 30 ദിവസത്തിനുള്ളിൽ പദ്ധതിക്ക് അനുമതി ലഭിച്ചില്ലെങ്കിൽ ആയത് നൽകിയതായി കണക്കാക്കണമെന്ന വ്യവസ്ഥ നടപ്പിലാക്കണം.

ശ്രീ. പി. സി. വിഷ്ണുനാഥ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. വ്യവസായ വകുപ്പിന് കീഴിലുള്ള 34 പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നടത്തുന്നത്. പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനങ്ങൾ സുതാര്യമാകണമെങ്കിൽ നിയമനാധികാരം പബ്ലിക് സർവ്വീസ് കമ്മീഷന് നൽകണം. നോട്ട് നിരോധനം, ജി.എസ്.ടി., പ്രളയം, കോവിഡ് നിയന്ത്രണം എന്നിവ ചെറുകിട-ഇടത്തരം വ്യവസായങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കേരള സിറാമിക്സ് ലിമിറ്റഡിലെ ഉപയോഗശൂന്യമായ സ്ഥലം ലാന്റ് യൂട്ടിലൈസേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും അലിൻഡ് ഫാക്ടറി പുനരുജ്ജീവിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ജോബ് മൈക്കിൾ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം

നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തെ വ്യവസായ മേഖലയുടെ ഉന്നമനത്തിനാണ് ഈ ബിൽ പ്രാധാന്യം നൽകുന്നത്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് വ്യവസായ സ്ഥാപനങ്ങൾക്കാവശ്യമായ ക്ലിയറൻസുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ സമയബന്ധിതമായി നൽകുന്നതിനും അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ഈ ബിൽ പാസ്സാക്കുന്നതിലൂടെ സാധിക്കും. ഈ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി താലൂക്ക്/നിയോജകമണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ.-മാർ അദ്ധ്യക്ഷനായ സമിതി രൂപീകരിക്കണം. രാജ്യത്തെ മികച്ച നിക്ഷേപക സൗഹൃദ സംസ്ഥാനങ്ങളിലൊന്നായി കേരളം മാറിയിട്ടുണ്ട്. 'മീറ്റ് ദ മിനിസ്റ്റർ' പരിപാടിയിലൂടെ സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംരംഭക വർഷം പദ്ധതി, കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനം, ഇൻവെസ്റ്റ് കേരള പോർട്ടൽ എന്നിവ നടപ്പിലാക്കാനും സർക്കാരിന് കഴിഞ്ഞു. 1999-ലെ മൂലനിയമത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള ഭേദഗതികൾ സ്വാഗതാർഹമാണ്. ചങ്ങനാശ്ശേരി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഭൂമി സംബന്ധിച്ച പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. ജി. സ്റ്റീഫൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വ്യവസായ മേഖലയുടെ കുതിച്ചുചാട്ടമെന്ന ലക്ഷ്യത്തോടെയുള്ള ഭേദഗതി സ്വാഗതാർഹമാണ്. 'സംരംഭക വർഷം' പദ്ധതിയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സംരംഭങ്ങൾക്ക് നാല് ശതമാനം പലിശയ്ക്ക് വായ്പ അനുവദിക്കുന്നതിനും എം.എസ്.എം.ഇ. ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതിനും 'മെയ്ഡ് ഇൻ കേരള' സൂപ്പർ മാർക്കറ്റ് ശൃംഖല ആരംഭിക്കുന്നതിനും മുൻകയ്യെടുത്തത് സ്വാഗതാർഹമാണ്. ഗ്രാഫീൻ ഇന്നൊവേഷൻ സെന്ററും പുതിയ സ്വകാര്യ വ്യവസായ പാർക്കുകളും ആരംഭിക്കുന്നതിന് സാധിച്ചിട്ടുണ്ട്. വിജ്ഞാന സമൂഹമെന്ന ആശയം യാഥാർത്ഥ്യമാക്കുന്നതിനും വ്യവസായ സംരംഭകർക്ക് വായ്പയും സഹായവും ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം. സംസ്ഥാനത്തുനിന്നും ദേശീയ ബാങ്കുകൾ സമാഹരിക്കുന്ന നിക്ഷേപത്തിന്റെ 10 ശതമാനം ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

മുളങ്കുന്നത്തുകാവിലെ കെൽട്രോണിന്റെ അധീനതയിലുള്ള ഭൂമിയേറ്റെടുത്ത് വ്യവസായസംരംഭങ്ങൾ ആരംഭിക്കണം.

ശ്രീ. സണ്ണി ജോസഫ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ചെറുകിട വ്യവസായികൾക്കെതിരെ അധികാരികളുടെ ഭാഗത്തുനിന്നുമുണ്ടാകുന്ന ദ്രോഹകരമായ നടപടികൾ അവസാനിപ്പിക്കണം. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ലഭ്യമായ തൊഴിലവസരങ്ങൾ അർഹതപ്പെട്ടവർക്ക് നൽകുന്നതിനും സാധിക്കണം. പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടണം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. സി. കെ. ഹരീന്ദ്രൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വ്യവസായ വകുപ്പിന്

കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ പി.എസ്.സി. വഴി നിയമനം നടത്താത്ത തസ്തികകളിൽ നിയമനം നടത്തുന്നതിനുവേണ്ടി രൂപീകരിക്കുന്ന ബോർഡ് നിലവിൽ വരുന്നതോടെ യോഗ്യരായ ഉദ്യോഗാർത്ഥികളെ കിട്ടാത്ത അവസ്ഥ ഇല്ലാതാക്കുന്നതിനും നിയമനങ്ങളുമായി ബന്ധപ്പെട്ടുണ്ടാകുന്ന ആരോപണങ്ങൾക്ക് അറുതിവരുത്തുന്നതിനും സാധിക്കും. നിലവിലുള്ള വ്യവസായങ്ങളെ പുനരുദ്ധരിക്കുകയും പുതിയ സംരംഭങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്ത് സംസ്ഥാനത്തെ വ്യാവസായിക പുരോഗതിയിലേയ്ക്ക് നയിക്കണം. പി.എസ്.സി. വഴിയുള്ള നിയമനത്തിനായി കാത്തുനിൽക്കാതെ അവസരോചിതമായ ഇടപെടൽ നടത്താൻ ബോർഡിന്റെ രൂപീകരണത്തിലൂടെ കഴിയും.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഫലപ്രദമായ ചർച്ചയാണ് ബില്ലുകൾ സംബന്ധിച്ച് നടന്നത്. വ്യവസായത്തിന് അനുകൂലമായ അന്തരീക്ഷം രൂപംകൊണ്ടതിന്റെ അടിസ്ഥാനത്തിലുള്ള മാറ്റം എല്ലാ തലങ്ങളിലും പ്രതിഫലിക്കുന്നുണ്ട്. കൊച്ചിൻ ഷിപ്പ്‌യാർഡിലെ തൊഴിലാളികൾ നിർമ്മിച്ച എയർ കാരിയർ നാവികസേനയ്ക്ക് കൈമാറാനുള്ള തയ്യാറെടുപ്പുകൾ നടക്കുകയാണ്. സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ

സ്ഥാപനതലത്തിൽ നിയമിച്ച ഇന്റേൺസിനെ ഉൾപ്പെടുത്തി സമിതി രൂപീകരിക്കുന്നത് സംബന്ധിച്ച് ആലോചിക്കാവുന്നതാണ്. മീറ്റ് ദി ഇൻവെസ്റ്റർ പദ്ധതിയിലൂടെ പൂട്ടിക്കിടന്ന വ്യവസായ സംരംഭങ്ങൾ പുനരാരംഭിക്കാൻ സാധിച്ചിട്ടുണ്ട്. നിക്ഷേപകരെ സഹായിക്കുന്നതിന് ഉദ്യോഗസ്ഥതലത്തിൽ പരിശീലനം നൽകുകയും പഞ്ചായത്തുതലത്തിൽ ഇന്റേൺസിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് വ്യാവസായിക സൗഹൃദാന്തരീക്ഷം സൃഷ്ടിച്ച് കൂടുതൽ നിക്ഷേപകരെ ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. നിക്ഷേപകന് ഇൻസെന്റീവ് നൽകാൻ തീരുമാനിക്കുകയും 100 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപം നടത്തുന്ന സ്ഥാപനങ്ങളുടെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് നോഡൽ ഓഫീസറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിലെ വൈദ്യുതി നിരക്ക് സംബന്ധിച്ച് റെഗുലേറ്ററി കമ്മീഷനാണ് തീരുമാനമെടുക്കേണ്ടത്. പൊതുമേഖലാ സ്ഥാപനങ്ങളിലെ സാങ്കേതിക നിയമനങ്ങൾ റിക്രൂട്ട്മെന്റ് ബോർഡിന് വിടാനും താൽക്കാലിക നിയമനങ്ങളിൽ സംവരണം ഉറപ്പാക്കാനും തീരുമാനിച്ചിട്ടുണ്ട്. സർവ്വകലാശാലകൾ ആസ്ഥാനമാക്കി സ്റ്റാർട്ടപ് സംവിധാനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ, 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

2-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

പ്രധാന ഖണ്ഡത്തിൽ ചേർക്കാനുദ്ദേശിക്കുന്ന (സിബി), (എൽ.എ) ഖണ്ഡങ്ങളിൽ 'വിവിധ സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ' എന്ന വാക്കുകൾക്കു പകരം 'വിവിധ കേന്ദ്ര-സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ സംസ്ഥാന സർക്കാരിന് നൽകാൻ അധികാരമുള്ള' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

177, 179, 182, 184, 190, 192, 193, 194, 197, 198, 199, 200, 201,

209, 210, 212, 213, 214, 217, 218, 220, 225, 226, 227, 228, 232, 237, 238, 240, 241 , 244 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

233. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2 (എൽഎ)-ൽ "തീരുമാനമോ" എന്നതിന് പകരം "നടപടികളോ" എന്ന് ചേർക്കുക.

245. ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(പി)യിൽ, " പരാതി പരിഹാര കമ്മിറ്റി" എന്നതിന് പകരം "പരാതിപരിഹാര കമ്മിറ്റി" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

184. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(സിഎ)-ൽ, " ജില്ലാ പരാതി പരിഹാരകമ്മിറ്റി" എന്നതിനുപകരം "ജില്ലാ പരാതിപരിഹാര കമ്മിറ്റി" എന്ന് ചേർക്കുക.

192. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(സി ബി)-ൽ " ആധുനികവത്ക്കരിക്കുന്നതിനോ" എന്നതിനു ശേഷം "വേണ്ടി" എന്ന് ചേർക്കുക.

199. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (സിബി)-ൽ " അതിന്റെ പുതുക്കലോ ലഭിക്കുന്നതിനോ" എന്നതിന് പകരം " ലഭിക്കുന്നതിനോ അതിന്റെ പുതുക്കലിനോ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിച്ചു.

ഖണ്ഡത്തിൽ 'ചെയർമാൻ' എന്ന വാക്ക് എവിടെയെല്ലാം വരുന്നോ ആ വാക്കിനുപകരം 'ചെയർപേഴ്സൺ' എന്ന വാക്ക് ചേർക്കേണ്ടതാണ്.

പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 13 <u>എ</u> വകുപ്പ് (1)-ാം ഉപവകുപ്പിലും 13 <u>സി</u> വകുപ്പ് (1)-ാം ഉപവകുപ്പിലും 'വിവിധ സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ' എന്ന വാക്കുകൾക്കുപകരം 'വിവിധ കേന്ദ്ര-സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ സംസ്ഥാന സർക്കാരിന് നൽകാൻ

അധികാരമുള്ള' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

13 എ വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ, "കമ്മിറ്റിയുടെ ക്വാറം മൊത്തം അംഗങ്ങളുടെ മൂന്നിലൊന്നിൽ കുറയാൻ പാടുള്ളതല്ല" എന്ന വാചകം അവസാനമായി ചേർക്കേണ്ടതാണ്.

13 സി വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ "കമ്മിറ്റിയുടെ ക്വാറം മൊത്തം അംഗങ്ങളുടെ മൂന്നിലൊന്നിൽ കുറയാൻ പാടുള്ളതല്ല" എന്ന വാചകം അവസാനമായി ചേർക്കേണ്ടതാണ്.

247, 248, 249, 250, 251, 252, 253, 254, 255, 256, 257, 258, 259, 260, 261, 263, 268 , 269, 272, 276, 278, 283, 284, 288, 290, 293, 294, 296, 297, 298, 299, 303 , 304, 305, 310, 313, 315, 317, 318, 320, 328, 321, 322, 327, 328, 329, 330, 334, 335, 336, 337, 340, 345, 347, 348, 349, 351, 356, 357, 358, 360, 364, 365, 366, 367, 368, 369, 371, 372,373, 374, 375, 376, 381, 382, 387, 388, 390, 395, 396, 398, 397, 399, 400, 401, 402, 406, 409, 410, 411, 412, 416, 417, 418, 419, 424, 425, 426, 427, 432, 436, 439, 444, 445, 446, 449, 452, 458, 460, 465, 466, 467, 469, 470, 473, 475, 476, 482, 483, 487, 488, 489, 491, 493, 494, 496, 498, 499, 500, 503, 504,

505, 506, 507, 508, 509, 514, 516, 517, 519, 520, 521, 525, 526, 527, 533, 536, 538, 539, 540, 541, 542, 543, 544, 550, 560, 561, 562 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

392. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി(4)-ൽ " അയച്ചുകൊടുക്കേണ്ടതും" എന്നതിന് ശേഷം " ഇക്കാര്യം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതും" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

250. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 13 എ(1)-ൽ " അഞ്ചു കോടി" എന്നതിന് പകരം " പത്ത് കോടി" എന്ന് ചേർക്കുക.

252. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(1)-ൽ "ആധുനികവത്കരിക്കുന്നതിനോ " എന്നതിനുശേഷം "വേണ്ടി" എന്ന് ചേർക്കുക.

296. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(1)-ൽ "ആവശ്യത്തിലേക്കായും" എന്നതിന് പകരം

"ആവശ്യത്തിലേക്കായി" എന്ന് ചേർക്കുക.

321. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ (4)-ൽ " സമയത്ത്" എന്നതിനു പകരം " സ്ഥലത്തും സമയത്തും" എന്ന് ചേർക്കുക.

328. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ (4)-ൽ " ഒരു മാസത്തിലെ" എന്നതിന് പകരം "ഓരോ മാസത്തെയും" എന്ന് ചേർക്കുക.

390. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി(4)-ൽ "സംസ്ഥാനപരാതി പരിഹാര" എന്നതിന് പകരം "സംസ്ഥാന പരാതിപരിഹാര" എന്ന് ചേർക്കുക.

398. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 സി(1)-ൽ " അഞ്ച് കോടി" എന്നതിന് പകരം " പത്ത് കോടി" എന്ന് ചേർക്കുക.

412. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 സി (2) (എ)-ൽ "വ്യവസായവകുപ്പിലെ " എന്നതിന് പകരം "വ്യവസായ വാണിജ്യ വകുപ്പിലെ " എന്ന് ചേർക്കുക.

452. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ്

13 സി(3)-ൽ " മൂന്നു" എന്നതിന് പകരം " മൂന്ന്" എന്ന് ചേർക്കുക.

520. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ്

13 ഇ(2)-ൽ "പറയുവാൻ" എന്നതിന് ശേഷം "ഒരു " എന്ന് ചേർക്കുക.

533. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഇ(4)-ൽ " അധികാരസ്ഥാനത്തിന്" എന്നതിന് പകരം " ഉദ്യോഗസ്ഥന് " എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതികളും ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

111, 114, 119, 121, 122, 124, 126, 130, 131, 132, 142, 143, 144, 145, 148, 151, 153, 154, 157, 168, 174 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കി.

(iii) 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ

രണ്ടാം വകുപ്പ്

197, 198, 199, 200, 201, 204, 205, 207, 209, 210, 213, 214, 216, 218, 222, 224, 228, 229 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

198. ഖണ്ഡം 2(എ)-ൽ “ കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ്" എന്നതിന് പകരം “ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ്” എന്ന് ചേർക്കുക.

207. ഖണ്ഡം 2(എഫ്)-ൽ "ബോർഡിന്റെ" എന്നതിന് പകരം "ബോർഡിലെ" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിച്ചു.

(1)-ാം ഉപഖണ്ഡത്തിൽ "കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ് " എന്നതിൽ "സെലക്ഷനും റിക്രൂട്ട്മെന്റും" എന്ന വാക്കുകൾ ബ്രാക്കറ്റുകൾക്കകത്ത് ചേർക്കുക.

5-ാം ഉപഖണ്ഡത്തിൽ "അംഗങ്ങൾ" എന്ന വാക്കിനുപകരം "മറ്റംഗങ്ങൾ" എന്ന വാക്ക് ചേർക്കുക.

ആ ഉപഖണ്ഡത്തിൽ തന്നെ "എന്നീ മേഖലയിൽ" എന്ന വാക്കുകൾക്കുപകരം "മുതലായ ഏതെങ്കിലും മേഖലയിൽ" എന്ന വാക്കുകൾ ചേർക്കുക.

7-ാം ഉപഖണ്ഡത്തിൽ "സെക്രട്ടറിയായി നിയമിക്കാവുന്നതാണ്. അദ്ദേഹത്തിന് അറുപത്തിരണ്ട് വയസ്സിൽ കൂടുതൽ പ്രായം ഉണ്ടായിരിക്കുവാൻ പാടുള്ളതല്ല" എന്ന വാക്കുകൾക്കുപകരം "സെക്രട്ടറിയായി അന്യത്രസേവനവ്യവസ്ഥയിലോ നിർണ്ണയിക്കപ്പെടുന്ന വിധം സെലക്ഷൻ രീതിയിലോ നിയമിക്കാവുന്നതാണ്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ നിയമനങ്ങൾക്ക് കേരള സർവ്വീസ് ചട്ടങ്ങൾ ബാധകമായിരിക്കുന്നതാണ്. സെലക്ഷൻ രീതിയിൽ നിയമനം ലഭിക്കുന്ന സെക്രട്ടറിയ്ക്ക്, അദ്ദേഹം ഔദ്യോഗികസ്ഥാനം ഏറ്റെടുത്ത തീയതി മുതൽ നാലുവർഷക്കാലം പൂർത്തിയാകുന്നതുവരെയോ അദ്ദേഹത്തിന് അറുപത്തിരണ്ട് വയസ് പൂർത്തിയാകുന്നതുവരെയോ, ഇതിലേതാണോ ആദ്യം സംഭവിക്കുന്നത് അതു വരെ ഔദ്യോഗികസ്ഥാനം വഹിക്കാവുന്നതാണ്." എന്ന വാക്കുകൾ ചേർക്കുക.

കൂടാതെ "സെക്രട്ടറിയ്ക്ക് നിർണ്ണയിക്കപ്പെടുന്ന ശമ്പളവും ബത്തകളും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്" എന്ന വാചകം ഈ

ഉപഖണ്ഡത്തിന്റെ അവസാനമായി കൂട്ടിച്ചേർക്കുക.

230, 231, 239, 242, 243, 244, 245, 246, 248, 254, 256, 257, 258, 260, 261, 263, 264, 269, 271, 275, 277, 279, 280, 282, 283, 285, 293, 294, 295, 296, 297, 299, 300, 305, 306, 308, 312, 327, 332, 339, 344 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

256. ഖണ്ഡം 3(3)-ൽ "പട്ടികവർഗ്ഗത്തിലോ പെടുന്ന" എന്നതിന് പകരം "പട്ടികഗോത്രവർഗ്ഗത്തിലോപെടുന്ന " എന്ന് ചേർക്കുക.

279. ഖണ്ഡം 3(4)-ൽ " വർഷത്തെ" എന്നതിനു പകരം " വർഷത്തിൽ കുറയാത്ത" എന്ന് ചേർക്കുക.

299. ഖണ്ഡം 3(6)-ൽ "ഒന്നിൽ" എന്നതിന് പകരം "രണ്ടിൽ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന

പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

350, 351, 352, 353, 354, 356, 360, 361, 362, 363, 366 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

370, 372, 380, 381, 385, 386, 387, 388, 392, 393, 394, 397, 398, 399, 400, 401, 402, 403, 406, 407, 408, 409, 411, 412, 413, 415, 416, 417, 419, 420, 423, 430, 431, 432 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

404. ഖണ്ഡം 5(5) (i)-ൽ "നിർദ്ധനനായിത്തീരുകയോ;" എന്നതിന്

പകരം "നിർധനനായിത്തീരുകയോ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ആറാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

(1)-ാം ഉപഖണ്ഡത്തിൽ "ഉചിതമായ" എന്ന വാക്കിനു പകരം "കാര്യക്ഷമമായ" വന്ന വാക്ക് ചേർക്കുക.

434, 438, 439, 440, 441, 443, 446, 448, 450, 452, 453, 458 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

448. ഖണ്ഡം 6(2)-ൽ " ഡെപ്യൂട്ടേഷൻ" എന്നതിന് പകരം " അന്യത്ര സേവനം" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും

സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിച്ചില്ല)

ഏഴാം  വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എട്ടാം വകുപ്പ്</u>

463, 464, 471, 474, 475, 476, 478, 479, 480, 481, 482, 483, 484, 485, 486, 491, 492, 493, 495, 496, 497, 501, 502, 503, 505, 506, 507, 510 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

464. ഖണ്ഡം 8(1)-ൽ "യുക്തമെന്നു" എന്നതിന് പകരം "യുക്തമെന്ന്" എന്ന് ചേർക്കുക.

495. ഖണ്ഡം 8(6)-ൽ "നടപടി ക്രമങ്ങളുടെ" എന്നതിന് പകരം "നടപടിക്രമങ്ങളുടെ " എന്ന് ചേർക്കുക.

502. ഖണ്ഡം 8(6)-ൽ " ബുക്കിൽ" എന്നതിന് പകരം " രജിസ്റ്ററിൽ" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒമ്പതാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിച്ചു.

(1)-ാം ഉപഖണ്ഡത്തിൽ, (iv)-ാം ഇനത്തിൽ "തങ്ങൾക്ക്" എന്ന വാക്കിനുപകരം "ബോർഡിന്" എന്ന വാക്ക് ചേർക്കുക.

(7)-ാം ഉപഖണ്ഡത്തിൽ, "ബന്ധപ്പെട്ട" എന്ന വാക്ക് ഒഴിവാക്കുക.

512, 513, 514, 515, 516, 518, 519, 522, 523, 524, 525, 526, 527, 528, 531, 532, 533, 536, 538, 540, 541, 546, 548, 549, 550, 551, 553,

555, 556, 557, 558, 562, 563, 564, 565, 566, 568, 569, 570, 571, 572, 573, 575, 577, 578, 579, 580, 581, 582, 583, 584, 585, 589, 590, 591, 595, 597, 598, 599, 600, 606, 607, 609, 610, 611, 612, 613, 614, 618, 619, 620, 621, 624, 625, 626, 627, 628, 631, 632, 633, 634, 635, 636, 638 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

541. ഖണ്ഡം 9(1)(iii)-ൽ “ വിജിലൻസിന്റെ” എന്നതിന് പകരം “ വിജിലൻസ് വകുപ്പിന്റെ” എന്ന് ചേർക്കുക.

579. ഖണ്ഡം 9(1)(vi)-ൽ "അമ്പതിൽ താഴെയാണെങ്കിൽ" എന്നതിന് പകരം "അൻപതിൽ കുറവാണെങ്കിൽ" എന്ന് ചേർക്കുക.

585. ഖണ്ഡം 9(1)(vii)-ന്റെ ക്ലിപ്തനിബന്ധന ഒഴിവാക്കുക.

620. ഖണ്ഡം 9(5)-ൽ “ മറ്റു” എന്നതിന് പകരം "മറ്റ്” എന്ന് ചേർക്കുക.

626. ഖണ്ഡം 9(6)-ൽ "മാനവശേഷിയുമായി" എന്നതിന് പകരം "മാനവവിഭവശേഷിയുമായി" എന്ന് ചേർക്കുക.

628. ഖണ്ഡം 9(6)-ൽ "സ്ഥിരസ്വഭാവമുള്ളതോ" എന്നതിന് പകരം "സ്ഥിരസ്വഭാവമുള്ളതാണോ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്താം വകുപ്പ്</u>

640, 642, 643, 644, 647, 651, 654, 656, 661, 668, 669, 671, 672, 673 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

644. ഖണ്ഡം 10(1)-ൽ "മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനൊന്നാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

"പ്രതീക്ഷിക്കാവുന്ന" എന്ന വാക്കിനുപകരം "പ്രതീക്ഷിക്കുന്ന" എന്ന വാക്ക് ചേർക്കുക.

679, 680, 681, 682 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

679. ഖണ്ഡം 11-ൽ "വർഷത്തിലേയ്ക്ക്" എന്ന വാക്കിന് പകരം "വർഷത്തേക്ക്" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പന്ത്രണ്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

(3)-ാം ഉപഖണ്ഡത്തിൽ, "സർക്കാർ" എന്ന വാക്കിനു പകരം "സർക്കാരിന്റെ" എന്ന വാക്ക് ചേർക്കുക.

684, 685, 687, 689, 691, 693, 694, 695, 699, 704 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

704. ഖണ്ഡം 12(4)-ൽ "വയ്പിക്കേണ്ടതുമാണ്" എന്നതിനു പകരം "വയ്ക്കേണ്ടതാണ്" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിമൂന്നാം വകുപ്പ്

708, 709, 711 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

708. ഖണ്ഡം 13-ൽ "മൂന്ന" എന്നതിന്ന പകരം "മൂന്ന്" എന്ന് ചേർക്കുക.

711. ഖണ്ഡം 13-ൽ " വയ്പിക്കേണ്ടതുമാണ്" എന്നതിന് പകരം "വയ്ക്കേണ്ടതാണ്" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

709-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാലാം വകുപ്പ്</u>

713, 714 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനഞ്ചാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

"മറ്റേതെങ്കിലും" എന്ന വാക്കിനുശേഷം "ഉദ്യോഗസ്ഥനോ" എന്ന

വാക്ക് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനാറാം വകുപ്പ്

716, 717, 723, 724, 725, 726 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനേഴാം വകുപ്പ്

727, 729 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചു.

പതിനേഴാം  വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനെട്ടാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

2-ാം ഉപഖണ്ഡത്തിൽ, (iv)-ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കണം.

"(iv) സെക്രട്ടറിയുടെ നിയമനരീതിയും അദ്ദേഹത്തിന് നൽകേണ്ടതായ ശമ്പളവും ബത്തകളും, സംബന്ധിച്ച്;"

733, 734, 735, 736, 737, 741, 743, 744, 746, 747, 751 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്തൊമ്പതാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിച്ചു.

"കാലാവധി കഴിഞ്ഞതാണെന്നിരിക്കിലും" എന്ന വാക്കുകൾക്കുപകരം "2022 ആഗസ്റ്റ് 8-ാം തീയതി പ്രാബല്യമില്ലാതായിതീർന്നിരുന്നാൽ തന്നെയും" എന്ന അക്കങ്ങളും വാക്കുകളും ചിഹ്നവും ചേർക്കുക.

(ബി) ഖണ്ഡത്തിൽ "കാലാവധി കഴിഞ്ഞതിനുശേഷവും" എന്ന വാക്കുകൾക്ക് പകരം "പ്രാബല്യമില്ലാതായിത്തീർന്നതിനുശേഷവും" എന്ന വാക്കുകൾ ചേർക്കുക.

"കാലാവധി കഴിഞ്ഞില്ലായിരുന്നുവെങ്കിൽ" എന്ന വാക്കുകൾക്കുപകരം "പ്രാബല്യം ഇല്ലാതായിത്തീർന്നിരുന്നില്ലായെങ്കിൽ" എന്ന വാക്കുകൾ ചേർക്കുക.

752, 753, 755 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിച്ചു.

ദീർഘ ശീർഷകത്തിൽ,

"കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ്" എന്നതിൽ "സെലക്ഷനും റിക്രൂട്ട്മെന്റും" എന്ന വാക്കുകൾ ബ്രാക്കറ്റുകൾക്കകത്ത് ചേർക്കുക.

പീഠികയിൽ,

"കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ്" എന്നതിൽ "സെലക്ഷനും റിക്രൂട്ട്മെന്റും" എന്ന വാക്കുകൾ ബ്രാക്കറ്റുകൾക്കകത്ത് ചേർക്കുക.

116, 119, 120, 121, 122, 123, 124, 125, 126, 130, 131, 132, 133, 134, 135, 136, 137, 138, 139, 145, 146, 147, 148, 149, 150, 152, 153, 154, 155, 156, 157, 159, 160, 161, 162, 163, 164, 166, 169, 170, 171, 172, 173, 174, 175, 176, 177, 181, 184, 187, 191 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

125. ദീർഘശീർഷകത്തിൽ "ഉദ്യോഗാർത്ഥികളെ സെലക്റ്റ്

ചെയ്യുന്നതിന് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനും വേണ്ടി" എന്നതിന് പകരം "ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനും വേണ്ടി" എന്ന് ചേർക്കുക.

മന്ത്രി വാക്കാൽ അവതരിപ്പിച്ച ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ശബ്ദവോട്ടോടെ പാസ്സാക്കി.

**അറിയിപ്പ്**

അക്കാദമി ഓഫ് മാജിക്കൽ സയൻസിലെ കുട്ടികൾക്ക് അനുമോദനം

മി. സ്പീക്കർ: ബഹു. രാഷ്ട്രപതിയെ സന്ദർശിച്ച് കലാപ്രകടനങ്ങൾ നടത്തി മടങ്ങിയെത്തിയ 'ദി അക്കാദമി ഓഫ് മാജിക്കൽ സയൻസി'ലെ ഭിന്നശേഷിക്കാരായ കുട്ടികളെ ഇന്ന് വൈകുന്നേരം 5.30-ന് നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ലോഞ്ചിൽവച്ച് സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ അനുമോദിക്കുന്നതും തുടർന്ന് 'ഇന്ദ്രജാൽ' എന്ന പരിപാടി കുട്ടികൾ അവതരിപ്പിക്കുന്നതുമാണ്. ടി പരിപാടിയിൽ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്നഭ്യർത്ഥിക്കുന്നു.

സഭ വൈകുന്നേരം 5.20-ന് പിരിഞ്ഞു.

*****